കൊണ്ടുവരും. ആരോഗ്യവകുപ്പ് ഓർഗൻ ട്രാൻസ്പ്ലാന്റിന് പരമാവധി സഹായം കൊടുക്കും. ഇന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, നാല് ലക്ഷം രൂപ വരെ ധനസഹായം കിട്ടുന്നുവെന്ന്. ആ തുക വർദ്ധിപ്പിക്കുന്നതിന് എന്താണ് പോംവഴിയെന്നുള്ളത് ആലോചിക്കും. അതിന്റെ പ്രയോജനം കേരളത്തിലും ലഭ്യമാകത്തക്കവിധത്തിലുള്ള നടപടികളെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ക്യാൻസർ രോഗം വരാതിരിക്കാൻ പ്രത്യേകം എടുത്തുപറഞ്ഞത് ജൈവ പച്ചക്കറികൃഷിയെക്കുറിച്ചാണ്. നല്ല ഉദ്ദേശത്തോടുകൂടി, നിയമസഭാ കോംപ്ലക്സിനകത്ത് ജൈവ പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും നല്ല വിളവെടുപ്പ് കിട്ടുന്നുവെന്നുള്ള കാര്യം പ്രത്യേകം അറിയിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അക്കാര്യത്തിൽ മുൻകയ്യെടുത്ത അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതുപോലെ ഇവിടത്തെ സ്കൂളുകളിലെ കുട്ടികൾക്ക് നിയമസഭാ കോംപ്ലക്സിനകത്തുള്ള ജൈവകൃഷി കാണാൻ താൽപ്പര്യമുണ്ട്. അതിനുള്ള അവസരം കൊടുക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: തീർച്ചയായും നിയമസഭയിലെ ജൈവകൃഷി കാണാൻ താൽപ്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള അവസരം കൊടുക്കുന്നതാണ്. നക്ഷത്രചിഹ്നമിട്ട 155-ാം നമ്പർ ചോദ്യത്തിൽ ബഹുമാനപ്പെട്ട വർക്കല കഹാർ ഒരു പരാമർശം നടത്തി. അത് സഭാ നടപടികളിൽ നിന്നും നീക്കം ചെയ്യുന്നു.

കേന്ദ്ര ഫണ്ട്

3 (*156) ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിൽപ്പെടുത്തി സംസ്ഥാനത്തിന് അനുവദിക്കുന്ന ഫണ്ട്, അതത് ഇംപ്ലിമെന്റിംഗ് വകുപ്പിന് യഥാസമയം അനുവദിച്ചു നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഇംപ്ലിമെന്റിംഗ് വകുപ്പിന് പൂർണ്ണമായി കൈമാറാതെ ഭാഗികമായി മാത്രം അനുവദിക്കുന്ന രീതി അവലംബിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി ഫണ്ട് യഥാസമയം കൈമാറാത്തതും ഭാഗികമായി മാത്രം അനുവദിക്കുന്നതും നിർദ്ദിഷ്ട പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത പരിഗണിച്ച് കേന്ദ്ര ഫണ്ട് ഇംപ്ലിമെന്റിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഇംപ്ലിമെന്റിംഗ് വകുപ്പിന് നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൈമാറുന്നതാണ്.

(സി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി ഫണ്ട് യഥാസമയം ഇംപ്ലിമെന്റിംഗ് വകുപ്പിന് കൈമാറി നിർദ്ദിഷ്ട പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഇപ്പോൾ പറഞ്ഞ ഉത്തരം പുനഃപരിശോധിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ന്യൂനപക്ഷ വകുപ്പിൽ കേന്ദ്രഗവൺമെന്റ് എം.എസ്.ഡി.പി.-യിൽപ്പെടുത്തി അനുവദിച്ചത് ഏതാണ്ട് 30 കോടി രൂപയാണ്. ഇത് വളരെ അപര്യാപ്തമായ തുകയാണ്. ഇതു കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മൂന്ന് കമ്പോണൻസിനുള്ളതാണ്. പക്ഷേ ഗവൺമെന്റ് 25 ശതമാനമടക്കം ആദ്യം കൊടുക്കേണ്ടത് 15 കോടി രൂപയാണ്. 12.15 കോടി രൂപ കേന്ദ്രം തന്നു. 10 കോടി രൂപയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. തൽഫലമായി ഈ പദ്ധതി നടപ്പിലാക്കുന്ന വയനാട് ജില്ലയിൽ ഏത് വകുപ്പിനാണ് കൊടുക്കേണ്ടത് എന്നറിയാതെ ഈ പദ്ധതി വൈകുകയാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിൽ അടുത്ത ഇൻസ്റ്റാൾമെന്റ് കിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങ് പറഞ്ഞ മറുപടിയുമായി പൊരുത്തപ്പെടുന്നില്ല. അങ്ങ് ഇത് പരിശോധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പരിശോധിക്കാം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കാലതാമസം വരുന്നുണ്ടോ, അത് കിട്ടിയതിനുശേഷം ഫണ്ട് അനുവദിക്കാതിരിക്കുന്നുണ്ടോ എന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കേന്ദ്ര ഗവൺമെന്റ് ഐ.ഡി.എം.ഐ പദ്ധതിയിൽപ്പെടുത്തി ധാരാളം സ്കൂളുകൾക്ക് കെട്ടിടം പണിയാൻ ഒന്നാമത്തെ ഇൻസ്റ്റാൾമെന്റ് കൊടുത്തു. രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് വാങ്ങുന്നതിന് വളരെയധികം കൃത്യവിലോപമുണ്ടായിട്ടുണ്ട്. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് എത്രയും വേഗം രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രണ്ടാമത്തെ ഗഡു കിട്ടണമെങ്കിൽ ഒരു നിശ്ചിത ശതമാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കണം. ഇപ്പോൾ അവർ 100 ശതമാനവും ഇൻസിസ്റ്റ് ചെയ്യുകയില്ല. പലപ്പോഴും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടാത്തതുകൊണ്ട് രണ്ടാമത് ഫണ്ട് കിട്ടാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുവച്ച് ഈ തുക ചെലവഴിക്കുന്നതിൽ എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വയനാട് ജില്ലയിലും ചില ബ്ലോക്കുകളിലും നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതി മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കാൻ കഴിയാത്തത് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ കൊണ്ടാണെന്നും യഥാസമയത്ത് ശ്രദ്ധിക്കാത്തതുകൊണ്ടാണെന്നുമുള്ള പരാതിയുണ്ട്. അതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; ബഹുമാനപ്പെട്ട ടി.എ. അഹമ്മദ് കബീർ ഇവിടെ സൂചിപ്പിച്ച ഐ.ഡി.എം.ഐ പദ്ധതി പല സ്ഥലങ്ങളും അപേക്ഷ സമർപ്പിച്ചിട്ട് മൂന്നും നാലും വർഷം കാത്തിരിക്കുകയാണ്. ഇത് യഥാസമയത്ത് കിട്ടാത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേന്ദ്രാവിഷ്കൃത ഫണ്ട് നമുക്ക് ലഭ്യമാക്കിയ ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഏജൻസിയെ ഉടനെ അറിയിക്കും. അതിനൊരു നടപടിക്രമമുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് ഫണ്ട് റിലീസ് ചെയ്യാൻ ആവശ്യപ്പെട്ടാൽ കേന്ദ്രഫണ്ടിന്റെ വിഹിതവും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ചേർത്ത് അവർക്ക് കൊടുക്കും. ഇതാണ് നമ്മുടെ സിസ്റ്റം. ഇക്കാര്യത്തിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. പി. ഉബൈദുള്ള: സർ, നബാർഡിൽ നിന്നും മറ്റ് കേന്ദ്ര ഏജൻസികളിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിരവധി കുടിവെള്ള പദ്ധതികളുണ്ട്. പല സ്കീമുകളുടേയും പണി തീർന്നതിനുശേഷം ബില്ലുകൾ സമർപ്പിച്ചിട്ട് ഫണ്ട് കൈമാറാത്തതുകാരണം പാതിവഴിയിൽ സ്തംഭിച്ചിരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തുക കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നബാർഡ് സാങ്ഷൻ ചെയ്തിട്ടുള്ള തുക കിട്ടുന്നതിന് സാധാരണ രീതിയിൽ പ്രതിസന്ധിയില്ല. രണ്ടാമത്തെ ഗഡുവും മൂന്നാമത്തെ ഗഡുവും കിട്ടുന്നതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതായിട്ടുണ്ട്. നബാർഡും സംസ്ഥാന ഗവൺമെന്റുമായിട്ടുള്ള ഇടപാടുകൾ നല്ല രീതിയിലാണ് നടക്കുന്നത്. നബാർഡിൽ നിന്നും കൂടുതൽ സഹായം വാങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപ്പോലെ ഏതെങ്കിലുമൊരു പ്രോജക്ടിന് താമസമുണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ കൃത്യമായി പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)